സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സെലക്ഷൻ വിഭാഗത്തിൽപ്പെട്ട തസ്തികകളിലേക്കുള്ള പ്രൊമോഷൻ - വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്ന സംഗതി - ഫീഡർ കാറ്റഗറി തസ്തികകളിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 245/09/Est-I** നന്തൻകോട്, **11/11/2020**

---

പരാമർശം :- 1) 23-12-2019 ലെ ROC 245/09/Est-1 (iii) നമ്പർ ബോർഡുത്തരവ്.

2) 23-09-2020 ൽ ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിട്ട്സ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സെലക്ഷൻ വിഭാഗത്തിൽപ്പെടുന്ന തസ്തികകളിലേക്ക് പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് 23-09-2020 ൽ ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് ലഭിച്ചു (പരാമർശം -2).

സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ നിലവിൽ ജോലി നോക്കുന്ന തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരം ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമായാൽ മാത്രമെ ചട്ടപ്രകാരം ടിയാളുകളെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂവെന്നും മിനിറ്റ്സിൽ പരാമർശിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എൻട്രി കേഡർ തസ്തികകളിൽ പ്രൊബേഷൻ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അവയിൽ നിന്നും തുടർ പ്രൊമോഷനുകൾ നൽകുമ്പോൾ പ്രൊമോട്ട് ചെയ്യപ്പെടുന്ന തസ്തികകളിൽ പ്രൊബേഷൻ നിഷ്കർഷിക്കുന്ന പതിവില്ല. സർക്കാർ സർവ്വീസിൽ സെലക്ഷൻ വിഭാഗം തസ്തികകളിൽ പ്രൊമോഷൻ, ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് തുടർച്ചയായ ഒരു വർഷ കലയളവിൽ 6 മാസം പ്രൊബേഷൻ കാലയളവ് നിഷ്കർഷിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ DPC ചട്ടങ്ങൾ തയ്യാറാക്കുന്നതുവരെ KSSR ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം നടപടി

(മറുപുറം)

സ്വീകരിക്കുന്നതിന് പരാമർശം 1 ബോർഡുത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ നിലവിൽ ജോലി നോക്കുന്ന തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതുണ്ട്.

ഇക്കാര്യം പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

1. ദേവസ്വം, മരാമത്ത് വിഭാഗങ്ങളിൽ പ്രൊമോഷൻ മുഖേനയോ ബൈട്രാൻസ്ഫർ മുഖേനയോ നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥർ അതത് തസ്തികകളിൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതാണ്. നോൺ ഗസറ്റഡ് തസ്തികകളിൽ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ തൃപ്തികരമായ സേവനവും ഗസറ്റഡ് തസ്തികകളിൽ ഒരു വർഷത്തിനുള്ളിൽ ആറ് മാസത്തെ തൃപ്തികരമായ സേവനവുമായിരിക്കും പ്രൊബേഷൻ കാലയളവ്.

2. നേരിട്ടുള്ള നിയമനം വഴി നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ കാലയളവ് സംബന്ധമായി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ, നേരിട്ടുള്ള നിയമനരീതി അവലംബിക്കുന്ന തസ്തികകളിലേക്ക് പ്രൊമോഷൻ മുഖേനയും ബൈട്രാൻസ്ഫർ മുഖേനയും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും ബാധകമായിരിക്കും.

3. ഇപ്പോൾ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ, നിലവിൽ ജോലി നോക്കുന്ന തസ്തികയിലെ പ്രൊബേഷൻ മേൽ വ്യവസ്ഥകൾ പ്രകാരം ഡിക്ലയർ ചെയ്യുന്നതിനുള്ള അടിയന്തിര തുടർ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് മേധാവികളായ ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ (ജനറൽ) എന്നിവരെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK